(1)	(2)
കോഴിക്കോട്	1,79,37,500
വയനാട്	50,00,000
കണ്ണൂർ	...
കാസർഗോഡ്	1,62,51,500

മുഖ്യമന്ത്രിയുടെ ചികിത്സാ സഹായം

52 (1876) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ എത്ര രൂപ മുഖ്യമന്ത്രിയുടെ ചികിത്സാ സഹായഫണ്ടിൽ നിന്ന് ധനസഹായമായി നല്കിയിട്ടുണ്ട് ;

(ബി) കഴിഞ്ഞ ഗവൺമെന്റിന്റെ കാലയളവിൽ പ്രസ്തുത ആവശ്യത്തിനായി എന്ത് രൂപ നല്കിയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രിയുടെ ചികിത്സാ സഹായഫണ്ടിൽ നിന്ന് നാളിതുവരെ (30-11-2015 വരെ) ചികിത്സാ സഹായമുൾപ്പെടെയുള്ള വിവിധ സഹായധനമായി ആകെ 651,23,18,033 രൂപ (അറുനൂറ്റി അൻപത്തൊന്ന് കോടി ഇരുപത്തിമൂന്ന് ലക്ഷത്തി പതിനെട്ടായിരത്തി മുപ്പത്തിമൂന്ന് രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്.

(ബി) കഴിഞ്ഞ ഗവൺമെന്റിന്റെ കാലയളവിൽ വിവിധ ധനസഹായങ്ങൾ വിതരണം ചെയ്യുന്നതിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് ആകെ 120,24,96,038 രൂപ (നൂറ്റിയിരുപത് കോടി ഇരുപത്തിനാല് ലക്ഷത്തി തൊണ്ണൂറ്റാറായിരത്തി മുപ്പത്തിയെട്ട് രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി

53 (1877) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ശ്രീമതി ലൂസി ചാക്കോ, മുക്കോണിൽ വീട്, കാണക്കാരി കോട്ടയം നൽകിയ അപേക്ഷ (പെറ്റീഷൻ നമ്പർ 31034/cm/14 dated 27-10-2014)യിൻമേൽ സ്വീകരിച്ച നടപടികൾ അറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly